**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263** **15-02-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 1996-ലെ ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും 1998-ലെ ചട്ടങ്ങളും അനുസരിച്ച് 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണ ചെലവ് വരുന്ന വീടുകൾ ഒഴികെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും ചെലവിന്റെ ഒരു ശതമാനം വരുന്ന തുക സെസ് ഇനത്തിൽ ബോർഡിലേക്ക് കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇപ്രകാരമുള്ള സെസ് നിർണ്ണയിക്കുന്നതിനും പിരിക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 1998 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് റൂൾസ്, റൂൾ 2(g) പ്രകാരം തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 1 എന്നിവരെയാണ് നിയമപ്രകാരം സെസ്സ് പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്.(അനുബന്ധം-1 ആയി ചേർക്കുന്നു) ലേബർ ഓഫീസർമാർ നിലവിൽ നിർവഹിക്കുന്ന ജോലിയ്ക്കു പുറമെയാണ് മേൽവിവരിച്ച ചുമതലയും ഇവർക്ക് നല്കിയിട്ടുള്ളത്. ആയതിനാൽ ഫലപ്രദമായും കാര്യക്ഷമമായും സെസ് നിർണയിക്കുന്നതിനും ഈടാക്കുന്നതിനും സാധിക്കാത്ത സാഹചര്യമുണ്ട്.<br><br>മേൽ സാഹചര്യത്തിൽ, സെസ് അസ്സസ്സിങ് ഓഫീസർമാരായി ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) ജില്ലാ ലേബർ ഓഫീസർ (ജനറൽ) എന്നിവരെകൂടി സെസ് അസ്സസ്സിങ് ഓഫീസർമാരായി നോട്ടിഫൈ ചെയ്യാൻ തീരുമാനമായിട്ടുണ്ട്. (പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു) |

| | | | |
|---|---|---|---|
| | | | |
| (സി) | പ്രസ്തുത സെസ് പിരിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സെസ് പിരിവ് കാര്യക്ഷമമാക്കി മുടങ്ങിയ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | **നിലവിൽ സെസ്സ് പിരിവ് കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. 01/11/2021 തീയതി മുതൽ സംസ്ഥാന വ്യാപകമായി സെസ്സ് അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക തുക പിരിച്ചെടുത്തു വരുന്നു. 2021-22 ൽ 285.60 കോടി രൂപയാണ് സെസ്സിനത്തിൽ പിരിച്ചെടു ത്തതെങ്കിൽ 2022-23 ൽ ആയത് 370 കോടി രൂപയായി വർധിച്ചിട്ടുണ്ട്.**<br><br>**സംസ്ഥാനത്ത് സെസ്സ് പിരിവിലൂടെ പ്രതിമാസം ഏകദേശം 30 കോടി രൂപയാണ് വരുമാനമായി ലഭിക്കുന്നത്. എന്നാൽ പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി പ്രതിമാസം ഏകദേശം 69 കോടി രൂപ ആവശ്യമാണ്. ഇക്കാരണത്താലാണ് ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സാധിക്കാത്തത്. പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.**<br><br>**സെസ് പിരിവ് കാര്യക്ഷമ മാക്കുന്നതിനായി 15.01.2024 ൽ ബഹു:മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും 16.01.2024 മുതലും പഞ്ചായത്തുകളിൽ ഏപ്രിൽ മാസം മുതലും സെസ് പിരിക്കുന്നതിനുള്ള ചുമതല തദ്ദേശസ്വയംഭരണ വകുപ്പിനെ ഏൽപ്പിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.(പകർപ്പ് അനുബന്ധം-3 ആയി ചേർക്കുന്നു)** |

സെക്ഷൻ ഓഫീസർ

അനുബന്ധം -I

# THE BUILDING AND OTHER CONSTRUCTION WORKERS' WELFARE CESS RULES, 1998[1]

*In exercise of the powers conferred by sub-section (1) of section 14 of the Building and Other Construction Workers' Welfare Cess Act, 1996 (Act 8 of 1996), the Central Government hereby makes the following rules, namely:—*

1. **Short title and commencement.**—(1) These rules may be called the Building and Other Construction Workers' Welfare Cess Rules, 1998.

(2) They shall come into force on the date of their publication in the Official Gazette.

2. **Definitions.**—In these rules, unless the context otherwise requires,—

(a) "Act" means the Building and Other Construction Workers' Welfare Cess Act, 1996 (Act 28 of 1996);

(b) "Main Act" means the Building and Other Construction Workers (Regulation of Employment and Conditions of Service) Act, 1996 (Act 27 of 1996);

(c) "Form" means the form annexed to these rules;

(d) all other words and expressions used in these rules but not defined and defined in the Act or in the main Act shall have the meanings respectively assigned to them in those Acts;

(e) "specified" means specified by a State Government by an order published in the Official Gazette;

(f) "Cess Collector" means an officer appointed by the State Government for collection of cess under the Act;

(g) "Assessing Officer" means a gazetted officer of a State Government or an officer of a local authority holding an equivalent post to a gazetted officer of the State Government appointed by such State Government for assessment of Cess under the Act;

(h) "Appellate Authority" means an officer, senior in rank to the Assessing Officer, appointed by the State Government for the purposes of section 11 of the Act.

3. **Levy of cess.**—For the purpose of levy of cess under sub-section (1) of section 3 of the Act, cost of construction shall include all expenditure incurred by an employer in connection with the building or other construction work but shall not include—

—cost of land;

—any compensation paid or payable to a worker or his kin under the Workmen's Compensation Act, 1923.

---

[1] Vide G.S.R. 149 (E), dated 26th March, 1998, published in the Gazette of India, Extra., Pt. II, Sec. 3 (i), dated 26th March, 1998.

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

# MINUTES OF THE MEETING HELD ON 4TH JULY, 2023 TO DISCUSS THE ROUTING OF BUILDING CESS THROUGH CONSOLIDATED FUND OF THE STATE.

The meeting chaired by Secretary, Labour and Skills Department commenced at 4 PM. List of participants is appended below.

On the outset, as per the direction of Secretary, Labour and Skills department, the Building Board Secretary explained how Building Cess is collected and to which account the Cess amount is credited.

As per Building and Other Construction Workers Welfare Cess Act 1996 (Section 3) and the consequent Cess Rules 1998, a cess at 1% of the total construction cost of above Rs. 10 lakh is levied from an employer (owner) of building and other construction work. Assessment Officers collect the details of Private Buildings (houses and other commercial building) to asses the cess and send notices to pay the amount within one month. The amount is collected by the Labour department and transfer the same to the TSB and other Nationalized bank Account of the Board.

The Secretary inquired whether the construction activities of the Government could be brought under the purview of the assessment. The Board Secretary made it clear that the cess pertains to building and other construction work of a Government or of a Public Sector Undertaking, is deducted from the bills paid for such works. The Building Board Secretary explained that the board does not have clear cut information regarding the Government constructions and there is no mechanism to know whether the cess amount is being paid accurately and timely. He suggested to convene a meeting in this regard. It is also added that Assistant Labour Officer Grade I and Deputy Labour Officer are the Assessment Officers appointed by State Government for assessment of Cess under the Act.

However, it is informed that they had limitations in terms of collecting data about the construction works. He has suggested that it would be preferable to designate additional officers for assessment. The Board Secretary suggested that the District Labour Officers can also be appointed as the Assessment Officer along with the existing officers.

Secretary, Labour and Skills department agreed the same and opined that priority should be given to the efforts to collect Building Cess through Labour Department.

The Secretary, Labour and Skills department stated that there are many construction works going on in Central Government institutions like NHAI,Railway, Port, Airport etc. and it would be appropriate to appoint a Nodal Officer to ensure that the cess amount from the work done by them is collected in time as per Law. The Nodal Officer can take steps to identify construction activities of various Central Government Institutions and collect cess amount in respect of them. It is also suggested that a Secretary level meeting can be convened with various departments (PWD, LSGD, POWER (KSEB), Health, General Education, Tourism, Home, Co-operation) regarding cess collection.

The Secretary also instructed to collect information about the construction works being carried out by those departments and the amount collected from them.

The meeting also discussed about routing of building cess through consolidated fund of the State Government. The Building Board Secretary was asked about the board's disagreement on payment of building cess amount to the consolidated fund of the Government.

The Building Board Secretary explained that the Board meets their expense including pension with the cess amount collected, and the transfer of cess though consolidated account may cause delay in distribution of benefits and there will be Government restrictions to such funds in future. At present the Board is following the Accounting Policy as set as specified in the 1998 Rules. The Building Board Secretary added that the present system is an impeccable, systematic, and efficient one till date and the Board Meeting has decided to request the Government to maintain the full dispensation rights of the fund in its present form itself.

Decisions:

1) It is decided to notify the District Labor Officer (Enforcement) & District Labour Officer (General) as the Assessment Officers along with the existing officers. (Action : Labour Commissioner )

2) It is decided to appoint a nodal officer to assure the collection of Building Cess from construction activities of Central Government Institutions like NHAI, Railway, Port, Airport etc.
( Action : Labour Commissioner )

3) It is decided to convene a Secretary level meeting of various departments of the Government (PWD, LSGD, POWER (KSEB), Health, General Education,Tourism, Home Co-operation) regarding Cess collection.( Secretary, Labour Department)

4) Board Secretary was directed to collect information about the construction works being carried out by various departments and the amount collect from those department on an yearly basis and to furnish the amount to be collected from those departments.
(Action : Labour Commissioner, Secretary, Building Board)

5) It is decided to take up necessary actions to frame rules for the accounting of Building and Other Construction Worker's Welfare Cess and also to furnish proposal for opening new Heads of Account under Revenue receipt side and its corresponding Expenditure side for this purpose. ( Action : Secretary, Building Board)

Meeting Concluded at 4.45 P.M

സെക്ഷൻ ഓഫീസർ

അനുബന്ധം-3

I/6055561/2024

**1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കണമെന്ന വിഷയത്തിന്മേൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 15.01.2024 - വൈകിട്ട് 5 മണിക്ക് ഓൺലൈനായി ചേർന്ന യോഗത്തിന്റെ കരട് നടപടിക്കുറിപ്പ്.**

1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കണമെന്ന വിഷയത്തിന്മേൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എന്നിവരുടെ സാന്നിധ്യത്തിൽ ഒരു യോഗം 2024 ജനുവരി 15 വൈകിട്ട് 5 മണിയ്ക്ക് ഓൺലൈനായി ചേർന്നു. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചും ആനുകൂല്യവിതരണത്തിനാവശ്യമായ തുക സംബന്ധിച്ചും സെസ് പിരിവു തദ്ദേശസ്വയംഭരണവകുപ്പിനെ ഏൽപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ആമുഖമായി ബഹു- പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി വിശദമാക്കി.

ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്നും നിലവിൽ 580 കോടിയോളം രൂപ പെൻഷൻ കുടിശ്ശികയിനത്തിലും 100 കോടിയോളം രൂപ മറ്റു ആനുകൂല്യങ്ങൾക്കും നൽകുവാനുണ്ടെന്നും, ബഹു. പൊതു വിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി അറിയിച്ചു. മുൻകാലങ്ങളിൽ, ടി വിഷയം സംബന്ധിച്ച്, തദ്ദേശ സ്വയംഭരണ വകുപ്പുമായി നടന്ന ചർച്ചയിൽ, സെസ് കളക്ഷൻ ചാർജ് 2% ത്തിൽ നിന്നും 5% ആയി ഉയർത്താൻ ആവശ്യപ്പെട്ടുവെങ്കിലും, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളിലും ഭേദഗതി വരുത്തേണ്ടതിനാൽ, പ്രസ്തുത വിഷയത്തിൽ, ഇതുവരെയും തീരുമാനമായിട്ടില്ലായെന്നും, കൂടാതെ സെസ് കളക്ഷൻ ചാർജ് ഈടാക്കുവാൻ, സെസ് കളക്ടറായി തദ്ദേശ സ്വയംഭരണ സെക്രട്ടറിയെയോ മറ്റു ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തേണ്ടതു സംബന്ധിച്ച വിഷയത്തിലും തീരുമാനമായിട്ടില്ലെന്നും, നിലവിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ, നിന്നും 150 കോടിയും ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും 100 കോടിയും കടമെടുത്തിട്ടുണ്ടെന്നും ബഹു. മന്ത്രി വ്യക്തമാക്കി.

തുടർന്ന് സംസാരിച്ച ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, സെസ് പിരിവു തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന പിരിക്കുവാൻ ധാരണയായിട്ടുള്ളതാണെന്നും, ടി വകുപ്പിന്റെ സോഫ്ട്‌വെയറായ K-SMART-ൽ ഇതിനു വേണ്ടിയുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇപ്രകാരം ഓൺലൈനായുള്ള സെസ് പിരിവു സാധ്യമാക്കുവാൻ സോഫ്ട്‌വെയർ തയ്യാറാക്കിയിട്ടുണ്ടെന്നും, മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകളിൽ ടി സംവിധാനം മുഖേന സെസ് പിരിക്കാൻ സാധിക്കുമെന്നും, പഞ്ചായത്തുകളിൽ ആയത് വൈകാതെ നടപ്പിലാക്കാൻ കഴിയുമെന്നും കൂടാതെ പെർമിറ്റ് ഫീസ് ഗണ്യമായി വർധിച്ച സാഹചര്യത്തിൽ, 50% സെസ് തുക പെർമിറ്റ് ഫീസിനൊപ്പം പിരിക്കുമ്പോൾ വൻ തുക കെട്ടിട ഉടമകൾ ഒടുക്കേണ്ടതായി വരുമെന്നും ആയത് ബുദ്ധിമുട്ടുണ്ടാക്കാനിടയുണ്ടെന്നും ബഹു. മന്ത്രി ആശങ്ക പ്രകടിപ്പിച്ചു.

കൂടാതെ, സെസ് തുക പെർമിറ്റ് ഫീസിനൊപ്പം പിരിക്കുമ്പോൾ നിർമാണം പൂർത്തിയാകുന്നതിനു മുൻപ് തന്നെ സെസ് പിരിക്കുന്നു എന്ന ആരോപണമുണ്ടാകുമെന്നും ബഹു. മന്ത്രി കൂട്ടിച്ചേർത്തു. പഞ്ചായത്തുകളിൽ 2024 ഏപ്രിൽ മാസം മുതൽ തന്നെ സെസ് പിരിവു ആരംഭിക്കാമെന്നും ബഹു. മന്ത്രി അറിയിച്ചു. കൂടാതെ നിയമപരമായി സെസ് കളക്ഷൻ ഓഫീസർമാരായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ/മറ്റ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമ്പൾ നിലവിലുള്ള പഞ്ചായത്ത് രാജ് /മുൻസിപ്പാലിറ്റി നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്നും ബഹു. മന്ത്രി വ്യക്തമാക്കി.

തുടർന്ന്, സംസാരിച്ച ബഹു. മുഖ്യമന്ത്രി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അഭിപ്രായത്തോടു യോജിക്കുകയും സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും / കോർപറേഷനുകളിലും തൊട്ടടുത്ത ദിവസം മുതൽ തന്നെ സെസ് പിരിക്കാമെന്നും സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 2024 ഏപ്രിൽ മാസം മുതൽ തന്നെ സെസ് പിരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഒക്ക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ സെസ് പിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും കൂടാതെ സെസ് കളക്ടറായി തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമ്പോൾ ആയത് ഒരു സർക്കാർ ഉത്തരവിലൂടെ താൽക്കാലികമായി നടപ്പാക്കാമെന്നും അറിയിച്ചു.

1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ ചട്ടങ്ങളും ഒരു കേന്ദ്ര നിയമം ആയതിനാൽ ഇപ്രകാരം സെസ് കളക്ടർമാരെ ചുമതലപ്പെടുത്തുമ്പോൾ, നിലവിലുള്ള പഞ്ചായത്ത് രാജ് /മുൻസിപ്പാലിറ്റി നിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണെന്നും ആയതിനുള്ള നിയമ നടപടി

സ്വീകരിക്കേണ്ടതാണെന്നും തൊഴിൽ വകുപ്പ് സെക്രട്ടറി അഭിപ്രായപ്പെട്ടു. ആയതിൻപ്രകാരം ടി ഭേദഗതിവരുത്തുവാൻ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയ്ക്ക് ബഹു. മുഖ്യമന്ത്രി നിർദേശം നൽകുകയും ചെയ്തു.

. തുടർന്ന്, IKM-ന്റെ പ്രതിനിധി സംസാരിക്കുകയും സെസ് കളക്ഷനുവേണ്ടിയുള്ള ഡേറ്റ സോഫ്റ്റ്‌വെയർ നിലവിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ഡേറ്റ കളക്ഷൻ കൂടുതൽ കാര്യക്ഷമമാക്കുവാൻ കെ-സ്മാർട്ട്-ൽ PAYMENT GATEWAY സംവിധാനം നടപ്പാക്കുമെന്നും നിലവിൽ കെ-സ്മാർട്ടിൽ നിന്നും ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ കഴിയുമെന്നും അറിയിച്ചു.

വിശദമായ ചർച്ചയ്ക്കൊടുവിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1)സംസ്ഥാനത്തെ മുഴുവൻ മുനിസിപ്പാലിറ്റികളിലും/ കോർപറേഷനുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് 16.01.2024 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചു. **(നടപടി - തദ്ദേശ സ്വയംഭരണ വകുപ്പ്)**

2) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു 2024 ഏപ്രിൽ മാസം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചു. (നടപടി - **തദ്ദേശ സ്വയംഭരണ വകുപ്പ് )**

3) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ, പിരിക്കുന്നതിന് തീരുമാനിച്ചു. **(നടപടി-തദ്ദേശ സ്വയംഭരണ വകുപ്പ് )**

4) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം സെസ് കളക്ടർമാരായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി / ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കാൻ തീരുമാനിച്ചു. **(നടപടി - തൊഴിലും നൈപുണ്യവും വകുപ്പ്)**

5) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തീരുമാനിക്കുന്നതിന് IKM നെ

ചുമതലപ്പെടുത്താൻ തീരുമാനിച്ചു. (നടപടി - **തദ്ദേശ സ്വയംഭരണ വകുപ്പ്)**

മേൽ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവുകൾ ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കേണ്ടതാണ്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

യോഗം 5.30- ന് അവസാനിച്ചു.

സെക്ഷൻ ഓഫീസർ